# ഭരണഭാഷ - മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2014 മുതൽ 31.12.2015 വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനകാര്യം (G) വിഭാഗം

നം: EG3/20893/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 30.08.2021

---

വായന:-1. സർക്കുലർ നമ്പർ EG3/1996/16/DTE തീയതി 14.12.2016.
2. പെരിയ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ 01.07.2021 ലെ C/2203/20/GPC-KSRD നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2014 മുതൽ 31.12.2015 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പെരിയ സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ്സ്മാൻ (കാർപെൻററി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ കമലാക്ഷൻ എം എന്ന ജീവനക്കാരൻ, തൻറെ പേര് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനം വായന 2 കത്ത് പ്രകാരം പ്രിൻസിപ്പാളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

നിവേദനത്തോടൊപ്പം ലഭിച്ച നിയമന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, 11.12.2015 ലെ EB3/13649/15/DTE നമ്പർ നടപടിക്രമം പ്രകാരം ട്രേഡ്സ്മാൻ (കാർപെൻററി) തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം ലഭിച്ച ശ്രീ കമലാക്ഷൻ എം 18.12.2015 ൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നും തുടർന്ന് 20.12.2018 ലെ EB5/22098/18/DTE നമ്പർ നടപടിക്രമം പ്രകാരം 22.12.2017 പ്രാബല്യത്തിൽ ടിയാൻറെ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടുണ്ടെന്നും അതുകൊണ്ട് തന്നെ മേൽപ്പറഞ്ഞ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുവാൻ ടിയാൻ യോഗ്യനാണെന്നും ബോദ്ധ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിന് കീഴിൽ 01.01.2014 മുതൽ 31.12.2015 വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ കാർപെൻററി ട്രേഡിൽ ക്രമനമ്പർ 8 ൽ പേര് ചേർക്കപ്പെട്ടിട്ടുള്ള ശ്രീ സിയാദ് ഇ എസ് എന്ന ജീവനക്കാരന് ശേഷം ക്രമനമ്പർ 9 ആയി ശ്രീ കമലാക്ഷൻ എം നെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ കമലാക്ഷൻ എം എന്ന ജീവനക്കാരൻറെ മേൽപ്പറഞ്ഞ അന്തിമ ഗ്രഡേഷൻ ലിസ്റ്റിലെ സ്ഥാനം ചുവടെ പറയും പ്രകാരം ക്രമീകരിച്ചിട്ടുള്ളതും പ്രസ്തുത അന്തിമ ഗ്രഡേഷൻ ലിസ്റ്റ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതുമായിരിക്കും.

Draft #1 of File EG3/20893/21/DTE Approved by Director (in-charge) on 30-Aug-2021 07:04 PM - Page 1

| Final Gradation List of Tradesman in various trades appointed during the period from 01.01.2014 to 31.12.2015 Addendum | | | | | | | | |
|---|---|---|---|---|---|---|---|---|
| Trade : Carpentry | | | | | | | | |
| Sl. No. | Name | Date of Birth | Qualifi-cation | Mode of Appoint-ment | Date of Advice / Appoint-ment | Date of joining | Date of declar-ation of probation | Remarks |
| 9 | Kamalakshan M | 06/08/ 1973 | NCVT | By transfer | 11/12/ 2015 | 18/12/ 2015 | 22/12/ 2017 | Addendum |

ഒപ്പ് /-

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന് വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File EG3/20893/21/DTE Approved by Director (in-charge) on 30-Aug-2021 07:04 PM - Page 2